പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 692 — 30.06.2015-ൽ മറുപടിക്ക്

## അന്ധതാ നിവാരണപ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ടി. വി. രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ (ബഹു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | തിമിര രോഗികളെ കണ്ടെത്തുക, സ്കൂൾ കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുക തുടങ്ങിയ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനായി നേത്ര പരിശോധകരില്ലാത്ത സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന അറിയിക്കുമോ ; | (എ) | ഗ്രാമീണ പ്രദേശങ്ങളിലെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ നേത്ര പരിശോധകർ (ഒപ്റ്റോമെട്രിസ്റ്റ്) നിലവിലുണ്ട്. നേത്ര രോഗ വിദഗ്ധരുള്ളതും എന്നാൽ നേത്ര പരിശോധകർ നിലവിലില്ലാത്തതുമായ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ശുപാർശ പരിശോധിച്ചുവരുന്നു. |
| (ബി) | സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത സഞ്ചരിക്കുന്ന കണ്ണാശുപത്രികൾക്കായി വാഹനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വാഹനം നല്കുന്നതാണ്. |
| (സി) | അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി വൃദ്ധജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സൗജന്യമായി കണ്ണട വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (സി) | ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി വെള്ളെഴുത്ത് ബാധിച്ചവർക്ക് വെള്ളെഴുത്ത് കണ്ണടയും സ്കൂൾ കുട്ടികളിൽ(പത്താം തരം വരെ) കാഴ്ച വൈകല്യം ബാധിച്ചവർക്ക് ആവശ്യമായ കണ്ണടയും സൗജന്യമായി വിതരണം ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ